**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 716** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും അവരുടെ ഉന്നമനം കൂടുതൽ വേഗത്തിലും സുതാര്യമായും നടപ്പാക്കുന്നതിനുമായി ക്ഷേമപദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പട്ടികജാതി വികസന വകുപ്പിന്റെ ക്ഷേമ വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾക്കായി സമർപ്പിക്കുന്ന അപേക്ഷകളോടൊപ്പം വളരെ അനിവാര്യമായ സർട്ടിഫിക്കറ്റുകൾ മാത്രം ഉൾപ്പെടുത്തി സേവനം സാധ്യമാക്കുന്നതിനായി 24-05-2023 തീയതിയിലെ സ.ഉ(സാധാ)നം.632/2023/SCSTD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

വികസന പദ്ധതികളുമായി ബന്ധപ്പെട്ട് ഭൂരഹിത പുനഃരധിവാസ പദ്ധതി, ഏകവരുമാനദായകൻ മരണപ്പെടുന്ന കുടുംബത്തിനുള്ള ധനസഹായം, വിവാഹ ധനസഹായം, അംബേദ്കർ ഗ്രാമ പദ്ധതി, ഭവന നവീകരണ പദ്ധതി, പഠനമുറി, സ്കോളർഷിപ്പ് നിരക്കുകൾ പദ്ധതികളിൽ ആവശ്യമായ പരിഷ്കരണം വരുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ പിന്നോക്ക അവസ്ഥ പരിഹരിക്കുന്നതിനും കൂടുതൽ വേഗത്തിലും സുതാര്യമായും പദ്ധതികൾ നടപ്പിലാക്കുന്നതിനും കാലോചിതമായി പരിഷ്കരിക്കുന്നതിനും സർക്കാർ അനുമതിയോടെ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

**(ബി)** സാമൂഹ്യമായി പിന്നാക്കം നില്ക്കുന്ന ഇത്തരം ജനവിഭാഗങ്ങളുടെ വിവിധ ആനുകൂല്യങ്ങൾ താമസം കൂടാതെ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** പട്ടികജാതി വികസന വകുപ്പിന്റെ ക്ഷേമ വികസന പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിച്ച് സമയബന്ധിതമായാണ് നടപ്പാക്കിവരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചാണ് പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ആനുകൂല്യങ്ങൾ അനുവദിക്കുമ്പോൾ പട്ടികജാതിയിൽപ്പെട്ടവർക്കുള്ള വ്യക്തിഗത ആനുകൂല്യമാണെങ്കിൽ ജാതി വരുമാനം, പദ്ധതിപ്രകാരമുള്ള മറ്റ് മാനദണ്ഡങ്ങൾ എന്നിവ പരിശോധിച്ച് കൊണ്ടാണ് അനുവദിക്കുന്നത്.

പൊതുവായ ഭൗതിക സാഹചര്യങ്ങൾ അനുവദിക്കുമ്പോൾ (റോഡ്, കുടിവെള്ളം, വൈദ്യുതി) ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും പരിഗണിച്ച് 51% പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഉറപ്പ് വരുത്തിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്.

വകുപ്പ് വിവിധ തലങ്ങളിൽ നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ ക്ഷേമ പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച പുരോഗതി വിലയിരുത്തപ്പെടുകയും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തു വരുന്നു. വകുപ്പിന്റെ ആഭ്യന്തര ആഡിറ്റ് വിഭാഗം വകുപ്പ് നടപ്പാക്കുന്ന എല്ലാ ക്ഷേമ പദ്ധതികളും വിശദമായി പരിശോധിക്കുകയും ന്യൂനത പരിഹരണ നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിവരുന്ന വിവിധ സേവനങ്ങളും ആനുകൂല്യങ്ങളും കൂടുതൽ സുതാര്യവും സമയബന്ധിതവുമായി ലഭ്യമാക്കുന്നതിന് 'സർവീസ് പോർട്ടൽ' പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ സമൂഹത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി വകുപ്പ് നിരവധി വികസന ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ ഭൂരിഭാഗം പദ്ധതികളും നിലവിൽ ഓഫ് ലൈൻ സംവിധാനത്തിലാണ് നിർവ്വഹിക്കപ്പെടുന്നത്. ഗുണഭോക്താക്കൾക്ക് സേവനങ്ങൾ നേരിട്ട് ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഇ-ഗ്രാന്റ്സ്, ടി-ഗ്രാന്റ്സ് തുടങ്ങിയ പദ്ധതികൾ ഇതിനോടകം തന്നെ ഓൺലൈൻ പോർട്ടൽ വഴി ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയെന്നോണം, ഗുണഭോക്താക്കൾക്ക് സേവനങ്ങൾ കൂടുതൽ വേഗത്തിലും എളുപ്പത്തിലും ലഭ്യമാക്കുന്നതിനായി വകുപ്പിന്റെ എല്ലാ ഓഫ് ലൈൻ പദ്ധതികളും പൂർണ്ണമായി ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്.

ഈ ഡിജിറ്റൽവൽക്കരണത്തിന്റെ പ്രഥമ ഘട്ടമെന്ന നിലയിൽ, താഴെ പറയുന്ന 8 പ്രധാന ക്ഷേമ പദ്ധതികൾ പ്രാഥമികമായി സർവീസ് പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. **മിശ്ര വിവാഹ ധനസഹായം:-** മിശ്ര വിവാഹം മൂലം ക്ലേശങ്ങൾ അനുഭവിക്കുന്ന ദമ്പതികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള പദ്ധതി.
2. **ജനനി ജന്മരക്ഷ:-** പ്രസവാനുകൂല്യവും മാതൃ-ശിശു സംരക്ഷണവും ഉറപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായ പദ്ധതി.
3. **വിവാഹ ധനസഹായം:-** പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ആവശ്യങ്ങൾക്കായി ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി.
4. **കൈത്താങ്ങ്:-** അനാഥരായ കുട്ടികൾക്ക് പ്രതിമാസം 2000/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന ക്ഷേമപദ്ധതി.
5. **സിക്കിൾ സെൽ അനീമിയ ധനസഹായം:-** സിക്കിൾ സെൽ അനീമിയ ബാധിതരായ രോഗികൾക്ക് പ്രതിമാസ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി.
6. **വിദ്യാഭ്യാസ പ്രാരംഭ ധനസഹായം:-**മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് പഠന സംബന്ധമായ പ്രാരംഭ ചെലവുകൾക്കായി ധനസഹായം അനുവദിക്കുന്ന പദ്ധതി.
7. **പ്രത്യേക പ്രോത്സാഹന ധനസഹായം:** - പഠനത്തിൽ അത്യുജ്ജ്വല നേട്ടം കൈവരിക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾക്കുള്ള പ്രത്യേക പ്രോത്സാഹന പദ്ധതി.
8. **ട്യൂഷൻ ഫീസ് ആനുകൂല്യം:-** 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ് അനുവദിക്കുന്നതിനുള്ള പദ്ധതി.

ഈ വികസന പദ്ധതികൾ ഏറ്റവും കാര്യക്ഷമമായി ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനായി സജ്ജീകരിച്ചിട്ടുള്ള പുതിയ വെബ് പോർട്ടലിന്റെ ഔദ്യോഗിക ഉദ്ഘാടനം, 2026 ആഗസ്റ്റ് 09-ന് നടത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**